പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *239 06.02.2018 ന് മറുപടിയ്ക്ക്.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

*ചോദ്യം* *ഉത്തരം*

ശ്രീ.ജെയിംസ് മാത്യു
,, കെ.വി.അബ്ദുൾ ഖാദർ
,, വി. ജോയി
,, എം. മുകേഷ് :

(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാന നൈപുണ്യവികസന മിഷൻ ആയ കേയ്സ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | (എ) ആധുനികലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജന പ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) ന്റെ പ്രധാന ലക്ഷ്യം.<br><br>കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)<br>2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ<br>3. കൗശൽ കേന്ദ്രകൾ<br>4. അക്രഡിറ്റേഷൻ<br>5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ<br>6. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ<br>(a). എംപ്ലോയബിലിറ്റി സെന്ററുകൾ<br>(b). കരിയർ ഡെവലപ്പ്മെന്റ് സെന്റർ |
| (ബി) കേയ്സിന്റെ കീഴിലുള്ള വിവിധ സെന്റർ ഓഫ് എക്സലൻസ് നടത്തിവരുന്ന വൈദഗ്ധ്യ വികസന പരിശീലനങ്ങൾ എന്തൊക്കെയെന്നും അതുവഴി എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്ത മാക്കാമോ; | (ബി) കേയ്സിന്റെ കീഴിലുള്ള വിവിധ സെൻറർ ഓഫ് എക്സലൻസ് നടത്തി വരുന്ന വൈദഗ്ധ്യ വികസന പരിശീലനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| സെൻറർ ഓഫ് എക്സലൻസ് | കോഴ്സുകൾ / പരിശീലന പദ്ധതികൾ | പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർ | തൊഴിൽ ലഭിച്ചവർ |
|---|---|---|---|
| നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) | അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം. (ANEP) | 230 | 132 |
| എൻലൈറ്റെൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്(ESPiOR) | 1. ഫാബ്രിക്കേറ്റർ / ഫിറ്റർ<br>2. ജനറൽ ഇലക്ട്രീഷ്യൻ<br>3. ഇൻസ്ട്രുമെന്റ് ഫിറ്റർ<br>4. വെൽഡർ<br>5. ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ<br>6. മെക്കാനിക്കൽ സൂപ്പർവൈസർ<br>7. ഇലക്ട്രിക്കൽ സൂപ്പർവൈസർ<br>8. ഇൻസ്ട്രുമെന്റേഷൻ സൂപ്പർവൈസർ | 345 | 232 |
| സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ & ടീച്ചർ ട്രെയിനിംഗ് (CRETT) | പ്രോഗ്രാം ഫോർ അച്ചീവിംഗ് കോംപിറ്റൻസീസ് ഓഫ് എഡ്യൂക്കേറ്റേഴ്സ് (PACE) | 27 | 25 |
| സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS) | 1. അണ്ണാർമ്ഡ് സെക്യൂരിറ്റി ഗാർഡ്<br>2. സർട്ടിഫിക്കറ്റ് ഇൻ സെക്യൂരിറ്റി മാനേജ്മെന്റ്<br>3. ഡിപ്ലോമ / പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി | 96 | 15 |
| സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED) | ടെക്നിക്കൽ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെൻറ് പ്രോഗ്രാം ഇൻ ഇന്റർനെറ്റ് ഓഫ് തിങ്സ് (TEDP in IoT) | 23 പേർക്കുള്ള പരിശീലനം പുരോഗമിച്ചു വരുന്നു. | |
| കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി (KGNLA) | നഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം. (NCAP) | 10 പേർക്കുള്ള പരിശീലനം പുരോഗമിച്ചു വരുന്നു. | |

| | |
|---|---|
| (സി) അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മാണ രംഗത്ത് വിവിധ മേഖലകളിൽ പ്രാവീണ്യം പകർന്ന് നൽകാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; | (സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമി (IIIC) പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ വ്യവസായപങ്കാളികളിൽ നിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിച്ച് സ്കില്ലിങ് പാർട്ണറെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും ഈ അധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനലക്ഷ്യവും രീതിയും വിശദമാക്കാമോ? | (ഡി) ഐ.ടി.ഐ സർട്ടിഫിക്കറ്റ് / ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെൻറ് കോഴ്സുകളും മേസണറി, കാർപെൻററി,പ്ലംബിംഗ് ,ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ,സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനവും IIIC യിലൂടെ ലഭ്യമാകും. മേല്പറഞ്ഞ കോഴ്സുകൾ / പരിശീലനങ്ങൾ ലഭ്യമാക്കുന്നത് ടെക്നീഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽ എന്നീ മൂന്നു വിഭാഗത്തിലുള്ള പരിശീലന പദ്ധതികളിലൂടെയാണ് . |

സെക്ഷൻ ഓഫീസർ